നേതൃത്വത്തിലുള്ള കൃഷിക്കാരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇപ്രകാരം അറസ്റ്റ് ചെയ്ത ഗവണ്മെന്റു നയത്തെയും പോലീസ് നയത്തേയും വിമർശിക്കേണ്ടയാവശ്യമുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ : സർ, അവിടെ മേലെനിന്നും യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. പണിയെടുക്കുവാൻ പോയ തൊഴിലാളികളെ യാതൊന്നും ചെയ്തിട്ടില്ല. കൃഷിപ്പണി ഒരു വിഭാഗത്തിനു നിഷേധിച്ചപ്പോഴാണ് അവിടെ ഒരു സംഘർഷാവസ്ഥ ഉണ്ടായി. തക്കം നേരിട്ടന്നതിനു വേണ്ടി കളക്ടർ പോലീസ് ആക്ട് 21-ം 23-ം പ്രകാരം നിരോധനം ഏർപ്പെടുത്തിയിരുന്നു. അതിനുശേഷം പതിനായിരത്തോളംപേർ ആയുധധാരികളായി പാടത്തേക്കു ചെന്നപ്പോഴാണ് അറസ്റ്റു ചെയ്തത്. അല്ലാതെ സമാധാനപരമായി കൃഷി ചെയ്യാൻ പോയ ആരെയും അറസ്റ്റ് ചെയ്യുകയോ അവരുടെ പേരിൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : 27-ാം തീയതി കാലത്തു് വെറും നാലു തൊഴിലാളികളെ ജോലി ചെയ്യുവാനായി ഡി.സി.സി. പ്രസിഡന്റ് ശ്രീ. പി. ആർ. കൃഷ്ണന്റെ നേതൃത്വത്തിൽ ചെന്നയവസരത്തിൽ ശ്രീ. കൃഷ്ണനെ അറസ്റ്റു ചെയ്തു.....

മി. സ്പീക്കർ : അവിടെ നിയമസമാധാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ട അടിയന്തിര നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു് മന്ത്രി പറഞ്ഞുകഴിഞ്ഞു ആ നിലയ്ക്ക് അടിയന്തിര പ്രമേയത്തിൽ അനുമതി നൽകുന്നില്ല.

(iii) Situation prevailing in the Fatima Mata College

മി. സ്പീക്കർ : കൊല്ലത്തെ ഫാത്തിമാ മാതാ ദേവാലയത്തിനെതിരായ് നടന്ന ആക്രമണം നിമിത്തമുണ്ടായ സാഹചര്യത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ശ്രീ. കെ. എം. ജോർജ് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ കാര്യത്തെപ്പറ്റി ചോദ്യോത്തരവേളയിൽ പറഞ്ഞുകഴിഞ്ഞു. മാത്രമല്ല ഇതുസംബന്ധിച്ചു് രണ്ടു കേസ്സ് നിലവിലിരിക്കുകയാണ്. അതുകൊണ്ടു് നോട്ടീസ് ബഹുമാനപ്പെട്ട മന്ത്രിക്കു് മേൽനടപടികൾക്കായി അയച്ചുകൊടുക്കാം; അവതരണാനുവാദം നൽകുന്നില്ല.

(iv) Eviction of Malayalees from Gudallur

മി. സ്പീക്കർ : നീലഗിരിയിൽ നിന്നും ഗൂഡല്ലൂർനിന്നും മലയാളികളെ തമിഴ്നാടുഗവണ്മെന്റു് കുടിയിറക്കിക്കൊണ്ടിരിക്കുന്ന ഗൗരവതരമായ സംഭവത്തെക്കുറിച്ചു് ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തി വയ്ക്കണമെന്നു കാണിച്ചു് ശ്രീ. രാമുണ്ണി നോട്ടീസ് തന്നിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇതിനു മുമ്പുതന്നെ ശ്രീ. രാമുണ്ണിയുടെയും ഗൂഡല്ലൂർ നിന്നുള്ള കൃഷിക്കാരുടെയും മെമ്മോറാണ്ടം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് ഗവണ്മെൻറിനു് എഴുത്തയച്ചിട്ടുണ്ട്. മദ്രാസിൽ പോകുമ്പോൾ നേരിട്ടു സംസാരിക്കാമെന്നാണു് വിചാരിച്ചിരുന്നതു്. പക്ഷേ സംസാരിക്കാൻ തരപ്പെട്ടില്ല; രാത്രിയായിപ്പോയി. അതുകൊണ്ടു് നടപടി തുടർന്നു നടത്തുന്നതാണു്.

ശ്രീ. എം. എം. തോമസ് : രണ്ടുദിവസം മുൻപു് ഞാൻ ആ പ്രദേശത്തു പോയിരുന്നു. അടിയന്തിരമായി കുടിയിറക്കാൻ പോലീസും റവന്യൂ ഉദ്യോഗസ്ഥന്മാരും സ്ഥലത്തെത്തിയിട്ടുണ്ട്. അതുകൊണ്ടു് അടിയന്തിരമായ നടപടികൾ നടത്തണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. എം. രാമുണ്ണി : കൃഷിക്കാരുടെ കർപ്പിത്തോട്ടങ്ങൾ പോലീസുകാർ വെട്ടി നശിപ്പിക്കുകയാണു്. കുടിയിറക്കാനുള്ള നടപടികൾ അടിയന്തിരമായി നടന്നുകൊണ്ടിരിക്കുകയാണു്. നമ്മുടെ നാട്ടിലുണ്ടാകുന്ന പ്രത്യാഘാതം തമിഴ്നാടു ഗവണ്മെൻറിനെ അറിയിക്കുമോ ?

Shri. E. Ahamed : May I make a submission ? I had a meeting with the Chief Minister of Tamil Nadu in this connection. He has assured

LIBRARY ARCHIVES Kerala Legislative Assembly